പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3438 — 19.06.2019-ലെ മറുപടിക്ക്

## മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ ജോലികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ ജോലികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | നിർമ്മാണ പ്രവൃത്തികൾ സ്ട്രക്ച്ചറൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടെ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരന് ബിൽ തുക നൽകാത്തതു മൂലം പ്രവൃത്തി താൽക്കാലികമായി നിറുത്തിവച്ചിരിക്കുന്നു. |
| (ബി) | എഗ്രിമെന്റിൽ പറഞ്ഞതിൻ പ്രകാരം ഏത് ഘട്ടം വരെയുള്ള ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കരാറുകാരന് നൽകുവാനുള്ള കുടിശ്ശിക തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. 70% പണികൾ കരാർ പ്രകാരം ചെയ്തു കഴിഞ്ഞു. കരാറുകാരന് ഒന്നാം പാർട്ട് ബിൽ തുകയായ 1,33,42,491/- രൂപ നൽകിയിട്ടുണ്ട്. രണ്ടാം പാർട്ട് ബിൽ തുകയായ 1,19,02,589/- രൂപയുടെ ബില്ലിൽ നിന്നും 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ടി ബില്ലിലെ ബാക്കി തുകയായ 44,02,589/- രൂപയും മൂന്നാമത്തെ പാർട്ട് ബിൽ തുകയായ 86,22,487/- രൂപയും നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം കരാറുകാരന് അനുവദിച്ചു നൽകിയിട്ടില്ല. 52,05,499.65 രൂപയുടെ നാലാമത്തെ ബിൽ ഓഡിറ്റിംഗ് നടത്തിക്കൊണ്ടിരിക്കുന്നു. |
| (സി) | 2018 ഡിസംബർ 15 ന് ശേഷം ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വീണ്ടും ലേലം നടത്തിയതുവഴി കെ.എസ്.ആർ.ടി.സി. ക്ക് വരുമാനം ലഭിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത തീയതിയ്ക്കുശേഷം ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ഡിപ്പോ പുനർനിർമ്മാണ ജോലികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ഡി) | സിവിൽ കരാറുകാരന് നൽകാനുള്ള ബാക്കി തുക നൽകുകയും പ്രവൃത്തി പൂർത്തീകരിയ്ക്കാനുള്ള IFSD തുക കിട്ടുകയും കൂടി ചെയ്താൽ മാത്രമേ പണി പൂർത്തീകരിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ